പ്രഥമ ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾ

307 (1392) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ എത്ര റോഡുകളും പാലങ്ങളുമാണ് ഉൾപ്പെടുത്തിയിരുന്നത്;

(ബി) ഇവയിൽ എത്രയെണ്ണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഇതിനായി ഇതുവരെ എത്ര തുക ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ എത്ര തുക ചെലവഴിക്കാനായി പിൻവലിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) അടിസ്ഥാന സൗകര്യവികസനത്തിന് എത്രമാത്രം പുരോഗതി ഇതുകാരണം ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ പരിഗണന നൽകി 36 റോഡുകളും 18 പാലങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ എയർപോർട്ട്-സീപോർട്ട് ഹൈവേ, പൊന്നാനി-എലത്തൂർ തീരദേശപാത എന്നീ റോഡുകൾ ഭാഗികമായി പൂർത്തിയായി. ബാക്കി പണികൾ നടന്നുവരുന്നു.

(സി) ഇതിനായി ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുള്ള തുകയും അതിൽ എത്ര തുക ചെലവഴിക്കാനായി പിൻവലിച്ചിട്ടുണ്ട് എന്നുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഈ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം കൊണ്ട് നഗര, ഗ്രാമീണ മേഖലകളിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാനും, അതുവഴി ഗ്രാമീണ മേഖലയിൽ ഉള്ളവർക്ക് നഗരങ്ങളിലെ വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യം എന്നീ മേഖലകളിൽ പുരോഗതി നേടുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly